2015 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്നതിന് തതുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെയുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്യുകഴിഞ്ഞു.

പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിനും യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്ക് വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന് അനുമതി നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ സെസ്സ് ഇനത്തിൽ തുക ഈടാക്കുന്നതുവഴി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് 6 കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ആസ്തികളുടെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനായി M/s. Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിച്ച് ആസ്തിമൂല്യം പുനർനിർണ്ണയിക്കുകയുണ്ടായി.

2008-09 മുതൽ 2013-14 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ ഓഹരിയാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുന:ക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണ്.

കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ

340 (351) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ കേരളത്തിലാകെ എത്ര ബസ് ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്തിരുന്നു എന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly